നമഃ ശിവായ

ദക്ഷിണകൈലാസം

# ശ്രീ ചന്ദ്രശേഖരപുരം ശിവക്ഷേത്ര ട്രസ്റ്റ്

മുപ്പത്തടം പി.ഒ, ആലുവ – 10, Ph: 9995857287, 0484 2555556

Visit us : www.dakshinakailasam.org | E-mail: dkmptdm@gmail.com

# ജീർണ്ണോദ്ധാരണ യജ്ഞം

## പങ്കാളികളാവുക, അനുഗ്രഹീതരാവുക...



**BANK DETAILS**

Name : Sri Chandrasekharapuram Sivakshethra Trust

Bank : Union Bank of India, Binanipuram Branch

Current A/C No : 338301010037297

IFSC : UBIN0533831

**Contact**

944 6028 955

944 6747 814

944 6687 487

## ജീർണ്ണോദ്ധാരണനിധിയിലേക്ക് ഉദാരമായി സംഭാവന ചെയ്യുക...

മുപ്പത്തടത്തിന്റെ ദേശാധിപർ ഭഗവാൻ ശ്രീ ചന്ദ്രശേഖരപുരത്തപ്പന്റെ 130 വർഷത്തോളം പഴക്കമുള്ള നിലവിലെ ക്ഷേത്ര സങ്കേതം ജീർണ്ണതകൾ പരിഹരിച്ച്, ന്യൂനതകൾ നികത്തി ഭക്തജനങ്ങളുടെ ആഗ്രഹത്തിന് അനുസരിച്ച് ഒരു മഹാക്ഷേത്രമാക്കി, വരും തലമുറകൾക്ക് എന്നെന്നും ആശ്രയിക്കാവുന്ന ദേവസന്നിധിയായി മാറ്റുവാൻ നാം ഏറ്റെടുക്കുന്ന മഹായജ്ഞത്തിന്റെ ആരംഭം കുറിച്ച വിവരം ഭക്തിപുരസ്സരം അറിയിക്കുകയാണ്.

എല്ലാ ഭക്തജനങ്ങളും ഒരു മനുഷ്യായുസ്സിൽ അവശ്യം ഭാഗഭാക്കാകേണ്ടുന്ന ശിവക്ഷേത്ര ജീർണ്ണോദ്ധാരണയജ്ഞത്തിന്റെ ആരംഭം മുതൽ മുതൽ പങ്കെടുക്കുവാനുള്ള അസുലഭാവസരം വിനിയോഗിക്കണമെന്നും വൻ സാമ്പത്തികചിലവുകൾപ്രതീക്ഷിക്കുന്ന നമ്മുടെ പദ്ധതി സഫലീകരിക്കുവാനായി പരമാവധി സാമ്പത്തിക സഹായം ചെയ്ത് സഹകരിക്കണമെന്നുംനമ്മുടെ എല്ലാ ബന്ധങ്ങളും കഴിവുകളും ഇതിനായി വിനിയോഗിക്കണമെന്നും ഭഗവദ്നാമത്തിൽ അഭ്യർത്ഥിക്കുന്നു.

Activate Windows

ധന്യാത്മൻ ,

എറണാകുളം ജില്ലയിൽ, ഐതിഹ്യങ്ങളുടെ ഈറ്റില്ലമായ ആലുവായിൽ നിന്നും 9 കിലോമീറ്റർ അകലെ ദക്ഷിണ ഗംഗയെന്നു പുകൾപെറ്റ പെരിയാർ നദിയുടെ തീരത്ത്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട പ്രശാന്തസുന്ദരവും പ്രകൃതിരമണീയവുമായ മുപ്പത്തടം ഗ്രാമത്തിൽ, അനുഭവങ്ങളുടെ ഗ്രന്ഥപ്പുരയായി, ഭക്തജനസഹസ്രങ്ങളുടെ ആശ്രയ കേന്ദ്രമായി നിലകൊള്ളുന്ന പുണ്യപുരാതന ശിവക്ഷേത്രമാണ് ശ്രീ ചന്ദ്രശേഖരപുരം ശിവക്ഷേത്രം. കേരളത്തിൽ അത്യപൂർവമായി മാത്രം കാണാൻ സാധിക്കുന്നതും പശ്ചിമദിശയിലേക്ക് ദിവ്യദർശനമേകി ധ്യാനനിമഗ്നനായിരിക്കുന്നതുമായ സദാശിവമൂർത്തിയുടെ ബാണലിംഗപ്രതിഷ്ഠയാണ് ഈ ക്ഷേത്രത്തിലുള്ളത്. അനിതരസാധാരണമായ ഈ ശിവാലയം മുപ്പത്തടത്തെ പ്രശസ്തമായ കുന്നമ്പറമ്പത്തു മന വകയായിരുന്നു. ക്ഷേത്രപുരോഗതിയിലും നടത്തിപ്പിലും എല്ലാ ഭക്തജനങ്ങളുടേയും പങ്കാളിത്തം ആവശ്യമാണെന്ന് തീരുമാനിച്ചതിനെത്തുടർന്ന് ക്ഷേത്രഭരണം ഇപ്പോൾ ജാതിമതദേശഭേദമെന്യേയുള്ള ഭക്തജനങ്ങൾ അംഗങ്ങളായി രജിസ്റ്റർ ചെയ്ത ശ്രീ ചന്ദ്രശേഖരപുരം ശിവക്ഷേത്രട്രസ്റ്റിന്റെ കീഴിലാണ് നിർവഹിച്ചു പോരുന്നത്.

ബാണലിംഗരൂപത്തിലുള്ള ശിവലിംഗങ്ങൾ സ്വയംഭൂവായ സദാശിവലിംഗങ്ങളാണ്. സാക്ഷാൽ കൈലാസനാഥൻ കുടികൊള്ളുന്ന ഹിമവൽശൃംഗങ്ങളിൽനിന്നും ഉൽഭവിക്കുന്ന നദിയിലൂടെ ഒഴുകി ഗോളാകൃതി പൂണ്ട് ലഭിക്കുന്നതാണ് ഇവ. പണ്ട് ബാണാസുരൻ എന്ന ശിവഭക്തൻ തന്റെ ശിവപൂജയ്ക്ക് ഉപയോഗിച്ചിരുന്നത് ഇത്തരം ശിവലിംഗങ്ങളാണ്. അതിനാൽ ഇവ ബാണലിംഗങ്ങളെന്നറിയപ്പെടുന്നു. പ്രകൃതിയിൽനിന്നും നേരിട്ട് ലഭിക്കുന്ന ഈ സ്വയംഭൂ ശിവലിംഗങ്ങൾ ശിവചൈതന്യം നിറഞ്ഞതും ഉൽകൃഷ്ഠവുമാകുന്നു. ഈ ബാണലിംഗദർശനം തന്നെ അപൂർവ്വ ഭാഗ്യമാണെന്നു വിശ്വസിക്കപ്പെടുന്നു. ഈ വിഗ്രഹത്തെ ആരാധിക്കുന്നവരെയും വന്ദിക്കുന്നവരെയും ക്ഷിപ്രപ്രസാദിയായ ഭഗവാൻ സദാശിവമൂർത്തി സകലാഭീഷ്ടങ്ങളും നൽകി അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. കൈലാസപതി കുടികൊള്ളുന്ന ഹിമാലയത്തിൽ നിന്നും ഉൽഭവിച്ച് ലഭ്യമായ ബിംബം ആരാധിക്കപ്പെടുന്ന, പ്രത്യക്ഷത്തിൽ ഒരു കുന്നിൻപുറത്ത് സ്ഥിതി ചെയ്യുന്ന ശ്രീ ചന്ദ്രശേഖരപുരം ശിവക്ഷേത്രം ദക്ഷിണകൈലാസമെന്നു ഭക്തരുടെയിടയിൽ അറിയപ്പെട്ടു വരുന്നു. ഇന്ന് ഈ ക്ഷേത്രം അതിവിശിഷ്ടവും അത്യപൂർവ്വവും ആയ 36 അഥവാ ഷഡ്ത്രിംശതി പ്രദക്ഷിണം എന്ന, തന്ത്രശാസ്ത്രത്തെയും യോഗശാസ്ത്രത്തെയും അടിസ്ഥാനപ്പെടുത്തി ക്രമപ്പെടുത്തിയ, കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഭക്തർ പങ്കെടുക്കുന്ന, ശിവാരാധന എല്ലാ മലയാളമാസം ഒന്നാം തിയ്യതിയിലും രാവിലെയും വൈകീട്ടും കൃത്യം 6 മണിക്ക് നടന്നുവരുന്ന ഏക ശിവസന്നിധി എന്ന നിലയിലും പ്രശസ്തമാണ്.

**ക്ഷേത്രം:** ആധാരാധേയഭാവാനുസാരേണ സ്ഥൂലസൂക്ഷ്മങ്ങളായ ദേഹഭാഗങ്ങളുടെ സങ്കലനം ആണ് ക്ഷേത്രം. ഭാരതദേശത്തിന്റെ, രാഷ്ട്രജീവിതത്തിന്റെ കാതലായ വശം ആദ്ധ്യാത്മികതയാണ്. അതുകൊണ്ട് തന്നെ ഇവിടെ ഉടലെടുത്ത സംസ്ക്കാരവും കലാസാഹിത്യാദികളും ഭരണവും ഉൾപ്പടെ ജനജീവിതത്തിന്റെ എല്ലാ വശങ്ങളും ഏതെങ്കിലും ഒരു ക്ഷേത്രത്തെ ഉപജീവിച്ചിട്ടാണ് വളർന്ന് വന്നിട്ടുള്ളതെന്നും ഗ്രാമങ്ങളും നഗരങ്ങളും സംവിധാനം ചെയ്യപ്പെട്ട് രൂപപ്പെട്ട് വന്നത് തന്നെ ക്ഷേത്രങ്ങളെ മുൻനിർത്തി യാണെന്നും ചരിത്രം പരിശോധിച്ചാൽ കാണാവുന്നതാണ്. വ്യക്തിയുടെ മാത്രമല്ല ഒരു ജനതയുടെ സാമൂഹ്യജീവിതത്തിലും ക്ഷേത്രങ്ങൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്.

സാധാരണജനസഞ്ചയത്തിന്റെ ആശ്രയം മതബോധത്തിന്റെ വേദാന്ത വിചാരങ്ങളിലല്ല, പകരം കൺമുമ്പിൽ കാണുന്ന, ഈശ്വരൻ കുടികൊള്ളുന്ന ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റിയാണ് എന്ന് പറയാവുന്നതാണ്. ക്ഷേത്രത്തിലെ വിഗ്രഹങ്ങൾ കേവലം നിർജ്ജീവമായ പ്രതിമകളല്ല, ജപതപാദികൾ കൊണ്ട് മന്ത്രശക്തി വരുത്തി ഈശ്വരസാക്ഷാത്ക്കാരത്തിന്റെ ഉന്നത മേഖലകൾ സ്വായത്തമാക്കിയ ഒരു ആചാര്യന്റെ ആത്മശക്തിയുടെ കണികയാണ് ആ വിഗ്രഹത്തിൽ ദേവരൂപേണ പ്രതിഷ്ഠിക്കപ്പെടുന്നത്. അതിനെ പരിപോഷിപ്പിച്ച് ചൈതന്യം നിലനിർത്താനും വർദ്ധിപ്പിക്കാനും ആണ് നാം നിത്യപൂജകളും വിശേഷാൽ കർമ്മങ്ങളും അനുവർത്തിച്ച് വരുന്നത്. ഇതിന്റെയൊക്കെ അടിസ്ഥാനം തന്ത്രശാസ്ത്രം ആണ്.

**ജീർണ്ണോദ്ധാരണത്തിന്റെ പ്രസക്തി:** തന്ത്രശാസ്ത്രപ്രകാരം ക്ഷേത്ര പ്രാകാരങ്ങൾ മനുഷ്യദേഹത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. അത് ഒരു താന്ത്രികയന്ത്രമായി കണക്കാക്കാം. നാം കാണുന്ന പഞ്ചപ്രാകാരങ്ങൾ സ്ഥൂല ശരീരത്തെയും പ്രതിഷ്ഠ യോഗചക്രങ്ങൾ ഉൾക്കൊള്ളുന്ന സൂക്ഷ്മശരീരത്തെയും പ്രതിനിധാനം ചെയ്യുന്നു. സ്ഥൂലദേഹത്തിൽ അംഗങ്ങൾ അഥവാ അവയവങ്ങൾ തമ്മിൽ ഒരു നിശ്ചിത അനുപാതം ഉണ്ട്. ഇത് തെറ്റിയാണ് സൃഷ്ടിയെങ്കിൽ ആ ശരീരം അത്യന്തം വികൃതമോ വിരൂപമോ ആവാം. അതേപോലെ ക്ഷേത്രഗാത്രത്തിലെ അംഗങ്ങളായ പഞ്ചപ്രാകാരങ്ങൾ തമ്മിലും അനുപാതമുണ്ട്. ആയതിനാൽ അളവിൽ കൃത്യത വരുത്തുകയും ന്യൂനതകൾ പരിഹരിക്കുകയും കുറവുകൾ നികത്തുകയും ചെയ്താൽ മാത്രമേ അനുപാതം പാലിക്കാൻ പറ്റുകയുള്ളൂ, ക്ഷേത്രചൈതന്യം നിലനിർത്താൻ പറ്റുകയുള്ളൂ. ഒരു നാട്ടിലെ ക്ഷേത്രം, ആ ക്ഷേത്രത്തിന്റെ അവസ്ഥ എന്നിവ ആ നാടിന്റെ, ജനപദത്തിന്റെ ഐശ്വര്യത്തിന്റെയും ഉന്നതിയുടെയും ലക്ഷണമാണ്. കാരണം, ക്ഷേത്രങ്ങൾ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന പരമേശ്വര ശക്തിയെ സമാജത്തിലെ സാധാരണക്കാരുടെ ഉപയോഗത്തിനായി രൂപപ്പെടുത്തി, ഒരുക്കി നിർത്തിയ മന:ശാസ്ത്രഎഞ്ചിനീയറിംഗ് പദ്ധതിയുടെ പ്രധാന സങ്കേതമാണ്. നമ്മുടെ പൂർവ്വികർ ആദ്ധ്യാത്മികസാധനാശാസ്ത്രത്തിൽ നിന്ന് ആവിഷ്ക്കരിച്ച് എടുത്ത സാങ്കേതിക പദ്ധതിയാണ് ഇവ. അതിനാൽ ക്ഷേത്രത്തിൽ ഏതെങ്കിലും കാരണവശാൽ ചൈതന്യലോപം വരികയോ, ക്ഷേത്രനാശം ഉണ്ടാവുകയോ ചെയ്താൽ അത് ആ നാടിനെ ആകെ നാശത്തിലേക്ക് നയിക്കുകയും സമാജത്തിൽ ദരിദ്രാവസ്ഥ ഉടലെടുക്കുകയും ചെയ്യും എന്നതാണ് വസ്തുത. ഇതാണ് ജീർണ്ണോദ്ധാരണത്തിന്റെ ആവശ്യകത. (അവലംബം : സ്വർഗ്ഗീയ മാധവ്ജിയുടെ ക്ഷേത്രചൈതന്യരഹസ്യം)

ഏതാണ്ട് 130 വർഷങ്ങൾക്ക് മുമ്പ് അന്നത്തെ കുന്നമ്പറമ്പ് മനയിലെ കാരണവരും പന്തളത്ത് കൊട്ടാരത്തിലെ തന്ത്രിയുമായിരുന്ന സ്വർഗ്ഗീയ ശ്രീ രാമൻ നമ്പൂതിരിക്ക് പന്തളം രാജാവ് മുഖേന ലഭിച്ച ബാണലിംഗം പ്രതിഷ്ഠിക്കുവാനായി ഇടപ്പള്ളി കൃഷ്ണത്ത് പുത്തൻവീട് എന്ന ചെറ്റക്കൽ കുടുംബം സ്ത്രീ സന്താനലബ്ധിക്കുള്ള പ്രാർത്ഥനയായി പണിത് കൊടുത്ത ക്ഷേത്രമാണ് ചന്ദ്രശേഖരപുരത്തപ്പൻ കുടികൊള്ളുന്ന ഈ ക്ഷേത്രസങ്കേതം. 1970ൽ ചിന്മയാമിഷൻ പ്രവർത്തകനായ സ്വർഗീയ ശ്രീ അമ്പാട്ട് രാമൻ നായരുടെ നേതൃത്വത്തിൽ ജീർണ്ണോദ്ധാരണം നടത്തിയിരുന്നുവെങ്കിലും അടിസ്ഥാനപരമായ മാറ്റങ്ങൾ ഒന്നും വരുത്തിയിരുന്നില്ല. 2004ൽ ട്രസ്റ്റ് രൂപീകൃതമായത്തിനു ശേഷവും പ്രദക്ഷിണവഴി, മുറ്റം, ഊട്ടുപുര, താത്ക്കാലിക നടപ്പന്തൽ, വഴിപാട് കൗണ്ടർ, ഓഫീസ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ക്ഷേത്രപ്രാകാരങ്ങൾക്ക് യാതൊരുവിധ മാറ്റങ്ങളും വരുത്തിയിരുന്നില്ല. അന്നത്തെ പരിമിതമായ

സൌകര്യങ്ങളും ചുറ്റുപാടുകളും അനുസരിച്ച് പണിത ക്ഷേത്രസങ്കേതത്തിന് ഇന്ന് മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു.


1197ലെ തിരുവുത്സവത്തിന് ശേഷം ക്ഷേത്രനടയിൽ വെച്ച് നടത്തിയ ദേവപ്രശ്നവിചാരവും തുടർന്ന് സ്ഥപതി ബ്രഹ്മശ്രീ വേഴപ്പറമ്പ് പരമേശ്വരൻ നമ്പൂതിരി നടത്തിയ പരിശോധനയിലും കണ്ടെത്തിയ ജീർണ്ണതകൾ പരിഹരിച്ച്, ന്യൂനതകൾ (നമസ്ക്കാരമണ്ഡപം, ചുറ്റമ്പലം, ബലിക്കൽപ്പുര, വലിയ ബലിക്കല്ല്, കൊടിമരം തുടങ്ങിയവ) നികത്തി ഭക്തജനങ്ങളുടെ ആഗ്രഹത്തിന് അനുസരിച്ച് ഒരു മഹാക്ഷേത്രമാക്കി, വരും തലമുറകൾക്ക് എന്നെന്നും ആശ്രയിക്കാവുന്ന ദേവസന്നിധിയായി ചന്ദ്രശേഖരപുരത്തപ്പന്റെ ഈ സങ്കേതത്തെ മാറ്റുവാൻ ട്രസ്റ്റ് തീരുമാനിച്ച വിവരം ഭക്തിപുരസ്സരം അറിയിക്കുകയാണ്. ഇതിലേക്കായി ജനപ്രതിനിധികളെയും ഭക്തജനങ്ങളെയും പൗരപ്രമുഖരെയും പങ്കെടുപ്പിച്ച് കൊണ്ട് ട്രസ്റ്റ് വിളിച്ച കൂടിയാലോചനായോഗത്തിൽ വെച്ച് ബഹുമാനപ്പെട്ട സംസ്ഥാന വ്യവസായ മന്ത്രി ശ്രീ പി രാജീവ് എം എൽ എ മുഖ്യരക്ഷാധികാരിയായും പഞ്ചായത്ത് പ്രസിഡന്റ് ശ്രീ സുരേഷ് മുട്ടത്തിൽ, ശ്രീമതി രാജലക്ഷ്മി, ശ്രീ താരാനാഥ്, ശ്രീ കെ എൻ രാജീവ്, ശ്രീ വി കെ ശിവൻ തുടങ്ങിയ ജനപ്രതിനിധികൾ, ശ്രീ വി എം ശശി, ശ്രീ ശ്രീമൻ നാരായണൻ, ശ്രീ കെ ജി ജോഷി, ശ്രീ ഇ ബി എൻ, ശ്രീ സദാശിവൻ പിള്ള, ശ്രീ എസ് ആന്റണി, ശ്രീ എൻ ഒ രാജൻ, ശ്രീ കെ പി ബാലഗോപാലൻ തുടങ്ങിയ പൗരപ്രമുഖർ എന്നിവർ രക്ഷാധികാരികളായും തന്ത്രി കുന്നമ്പറമ്പ് വാസുദേവൻ നമ്പൂതിരി ചെയർമാനായും വിപുലമായ ഒരു ജീർണ്ണോദ്ധാരണസമിതിയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. വൻ സാമ്പത്തികചിലവുകൾ പ്രതീക്ഷിയ്ക്കുന്ന നമ്മുടെ പദ്ധതി സഫലീകരിക്കുവാനായി എല്ലാ ഭക്തജനങ്ങളും സഹകരിക്കണമെന്നും നമ്മുടെ എല്ലാ ബന്ധങ്ങളും കഴിവുകളും ഇതിനായി വിനിയോഗിക്കണമെന്നും ഭഗവദ്നാമത്തിൽ അഭ്യർത്ഥിക്കുന്നു.

ഭക്ത്യാദരപൂർവം

**കുന്നമ്പറമ്പ് വാസുദേവൻ നമ്പൂതിരി**
ചെയർമാൻ

**എസ് രാധാകൃഷ്ണപിള്ള**
വർക്കിംഗ് ചെയർമാൻ

**കെ പത്മനാഭൻ**
ജനറൽകൺവീനർ



ക്ഷേത്രസങ്കേതം ജീർണ്ണോദ്ധാരണത്തിന് ശേഷം (രൂപരേഖ)

0484 2555229, 9895816911

നമഃശിവായ

ദക്ഷിണകൈലാസം

## ശ്രീ ചന്ദ്രശേഖരപുരം ശിവക്ഷേത്രട്രസ്റ്റ്

മുപ്പത്തടം, ആലുവ 683110, എറണാകുളം
visit us : www.dakshinakailasam.org e-mail : dkmptdm@gmail.com



# ജീർണ്ണോദ്ധാരണ യജ്ഞം

പങ്കാളികളാവുക...അനുഗ്രഹീതരാവുക

यूनियन बैंक ऑफ इंडिया Union Bank of India

भारत सरकार का उपक्रम A Government of India Undertaking

आन्ध्रा Andhra कार्पोरेशन Corporation

SRI CHANDRASEKHARAPURAM SIVAKSHETHRA TRUST

QR919995857287-7297@unionbankofindia

BHIM BHARAT INTERFACE FOR MONEY | UPI UNIFIED PAYMENTS INTERFACE